കറന്റ് കണക്ഷൻ കിട്ടുന്നത്, മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട അപേക്ഷകൾ, റേഷൻ കാർഡുമായി ബന്ധപ്പെട്ട പരാതികൾ, പി.ഡബ്ല്യു.ഡി റോഡ് വിഭാഗം, വാട്ടർ അതോറിറ്റി എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ അതാതു വകുപ്പുകളിലേയ്ക്ക് കൈമാറിയിട്ടുള്ളതും പ്രസ്തുത ഓഫീസുകളിൽ നടപടി സ്വീകരിച്ചിട്ടുള്ളവയുമാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ചികിത്സാ ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയ കേസുകളിൽ ധനസഹായം അനുവദിച്ചിട്ടുള്ളതും സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത കേസുകളിലും വാർദ്ധക്യ സഹജമായ അസുഖമുള്ള കേസുകളിലും അപേക്ഷകർക്ക് മറുപടി നൽകി തീർപ്പാക്കിയിട്ടുള്ളതുമാണ്. പട്ടയം അനുവദിച്ച് കിട്ടുന്നതിനുള്ള അപേക്ഷകളിൽ 2 കേസുകളിൽ കിഴക്കഞ്ചേരി വില്ലേജാഫീസർ പട്ടയം ബുക്ക് ചെയ്ത് നൽകിയിട്ടുള്ളതും 5 കേസുകളിൽ ആലത്തൂർ മുനിസിഫ് കോടതിയിൽ സിവിൽ കേസ് നിലനിൽക്കുന്നതിനാൽ പട്ടയം ബുക്ക് ചെയ്തിട്ടില്ലാത്തതും ഈ വിവരം കാണിച്ച് കക്ഷികൾക്ക് മറുപടി നൽകിയിട്ടുള്ളതുമാണ്. മിച്ചഭൂമി പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷ, ദേശീയ കുടുംബക്ഷേമ പദ്ധതി ധനസഹായം, അമ്പിട്ടൻ തരിശ് ക്വാറിക്കെതിരെയുള്ള പരാതി എന്നിങ്ങനെയുള്ള അപേക്ഷകളിൽ വില്ലേജ് ഓഫീസർ റിപ്പോർട്ട് ലഭ്യമാക്കി അപേക്ഷകർക്ക് മറുപടി നൽകി തീർപ്പാക്കിയിട്ടുള്ളതുമാണ്.

**കരം ഒടുക്കുന്നതിനുള്ള അനുവാദം**

287 (1146) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ തൈവിളാകം പ്രദേശത്ത്, മണമ്പൂർ വില്ലേജ് മുൻ സർവ്വേ നമ്പർ-2519, 2565, 1530 എന്നീ വസ്തുക്കളിൽ കരം ഒടുക്കുന്നതിനുള്ള അനുവാദം നൽകാനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നമ്പർ എൻ2/37/2017/റവന്യൂ തീയതി 23-11-2017 കത്തിന്മേൽ സ്റ്റേറ്റ് ലാൻഡ് ബോർഡ് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത കത്ത് ലാൻഡ് ബോർഡിന് ലഭ്യമായ തീയതി, ലാൻഡ് ബോർഡ് ചിറയിൻകീഴ് താലൂക്ക് ലാൻഡ് ബോർഡിന് കത്ത് നൽകിയ തീയതി, മറുപടി ലഭ്യമായ തീയതി എന്നിവ വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മണമ്പൂർ വില്ലേജിലെ നിർദ്ധനരായ കോളനി നിവാസികൾ ഉൾപ്പെടുന്ന പ്രദേശത്ത് ഭൂനികുതി സ്വീകരിക്കാത്തതുമൂലം പഞ്ചായത്തിൽ നിന്നുള്ള ആനുകൂല്യങ്ങളും ബാങ്കിൽ ഭൂമി ഈട്‌വയ്ക്കുന്നതിനുള്ള തടസ്സങ്ങളും ഉള്ള സാഹചര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കരം സ്വീകരിക്കാൻ നടപടി തുടരുന്നതിന് ജില്ലാ കളക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടതിനെത്തുടർന്ന് 27-11-2017-ൽ ലാൻഡ് ബോർഡിന് ലഭ്യമായ എൻ2/37/2017/റവന്യൂ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ചിറയിൻകീഴ് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന്റെയും തിരുവനന്തപുരം ജില്ലാ കളക്ടറുടെയും വിവിധ റിപ്പോർട്ടുകൾ ക്രോഡീകരിച്ചുകൊണ്ട് 9-1-2018-ലെ എൽ.ബി (ബി1)-23701/1994 നമ്പർ കത്തിലൂടെ ലാൻഡ് ബോർഡ് സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണമ്പൂർ വില്ലേജിലെ ഭൂമി കൈമാറ്റങ്ങൾ നടന്ന വർഷങ്ങൾ, നിലവിലെ കൈവശക്കാർക്ക് ഭൂമി ലഭ്യമായതിന്റെ വിശദാംശങ്ങൾ, പ്രസ്തുത ഭൂമി അളന്നുതിട്ടപ്പെടുത്തുന്നതിന് രൂപീകരിച്ച സർവ്വേ ടീമിന്റെ അന്തിമ റിപ്പോർട്ട് എന്നിവ പരിശോധിച്ച് നിയമാനുസൃതമായ നടപടി ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നു.

## ആലപ്പുഴ ലേക്ക് പാലസ് റിസോർട്ട്

288 (1147) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലാ കളക്ടർ ലേക് പാലസ് റിസോർട്ടുമായി ബന്ധപ്പെട്ട് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇത് സംബന്ധിച്ച് സുപ്രീം കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; ആരാണ് പ്രസ്തുത കേസ് നൽകിയിട്ടുള്ളത്; ഈ കേസിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിസോർട്ടിലേക്കുള്ള റോഡ് 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നശേഷം വയൽ നികത്തി നിർമ്മിച്ചതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത നിയമം ലംഘിച്ചതിന്റെ പേരിൽ റിസോർട്ടിന്റെ ഉടമസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രസ്തുത പ്രദേശത്തിന്റെ സ്ഥലപരിശോധന നടത്തി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച് സുപ്രീം കോടതിയിൽ SLA 33948/17 നമ്പരായി കേസ് നിലവിലുണ്ട്. ശ്രീ. തോമസ് ചാണ്ടി ബഹു.ഹൈക്കോടതി വിധിക്കെതിരെ നൽകിയ ഹർജിയാണിത്. ഈ കേസിൽ അഡ്വക്കേറ്റ് ജനറലിൽ നിന്നും ലഭിക്കുന്ന നിർദ്ദേശമനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.